**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 660** **08-10-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ പുതിയ വൈദ്യുതി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയാണെന്നും, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>പ്രസരണ വിഭാഗത്തിനു കീഴിൽ വൈപ്പിൻ മണ്ഡലത്തിൽ 66 കെ.വി ഞാറയ്ക്കൽ സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവൃത്തിയും, ഇതുമായി ബന്ധപ്പെട്ട് 14.1 കിലോമീറ്റർ ചെറായി - ഞാറയ്ക്കൽ 110 കെ.വി ലൈനിന്റെ നിർമ്മാണവും നടന്നു വരുന്നു.<br><br>ചെറായി - ഞാറയ്ക്കൽ 110 കെ.വി ലൈൻ (14.1 കി.മി) നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി മൊത്തം 51 ടവറുകൾ നിർമ്മിക്കേണ്ടതിൽ ഇതുവരെ 17 ടവർ ലൊക്കേഷനുകളുടെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായി. 8 ടവർ ലൊക്കേഷനുകളുടെ ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു. ഈ പ്രവൃത്തിയുടെ 48 ടവർ ലൊക്കേഷനുകളും ചെമ്മീൻ കെട്ടുകളിലൂടെയാണ് കടന്നുപോകുന്നത്. ആയതിനാൽ വർഷത്തിൽ നവംബർ മുതൽ മെയ് വരെയുള്ള കാലയളവിൽ ചെമ്മീൻ/മീൻ കൃഷി നടക്കുന്നതിനാൽ കെ.എസ്.ഇ.ബി.എൽ.-ന് ജോലികൾ നടത്തുവാൻ സാധിക്കുകയില്ല. ബാക്കിയുള്ള 5 മാസം മാത്രമേ പ്രവൃത്തികൾ നടക്കുകയുള്ളൂ. പ്രസ്തുത പ്രവൃത്തിക്കായി വകയിരുത്തിയിരിക്കുന്ന തുക 18 കോടി രൂപയാണ്.<br><br>66 കെ.വി ഞാറയ്ക്കൽ സബ്സ്റ്റേഷന്റെ ശേഷി<br>66 കെ.വി-യിൽ നിന്നും 110 കെ.വി നിലവാരത്തിലേക്ക് ഉയർത്തുന്നതിന്, പ്രാരംഭ പ്രവർത്തനങ്ങളായ 11 കെ.വി RMU, ഓക്സിലറി ട്രാൻസ്ഫോർമർ എന്നിവ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിക്കായി വകയിരുത്തിയിരിക്കുന്ന തുക 6 കോടി രൂപയാണ്.<br><br>ലൈൻ നിർമ്മാണ പുരോഗതിക്കനുസരിച്ച് 66 കെ.വി ഞാറയ്ക്കൽ സബ്സ്റ്റേഷന്റെ ശേഷി 66 കെ.വി യിൽ |

നിന്ന് 110 കെ.വി നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

വൈപ്പിൻ നിയമസഭ നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സൗര ഫേസ്-1 പദ്ധതിയിൽ 6 ഉപഭോക്താക്കൾക്കായി ആകെ 22 കിലോവാട്ടും സൗര പുരപ്പുറ സബ്സിഡി പദ്ധതിയിൽപ്പെടുത്തി ആകെ 492 ഉപഭോക്താക്കൾക്കായി 1850.92 കിലോവാട്ടും സോളാർ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

RDSS പദ്ധതി: -

വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗത്തിനു കീഴിൽ 255 ലക്ഷം രൂപയുടെ 33.68 കി. മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിൾ റീ-കണ്ടക്ടറിംഗ് പ്രവൃത്തികളും, 142 ലക്ഷം രൂപയുടെ 10.92കി.മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിൾ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾ ഉൾപ്പെടെ ആകെ 397 ലക്ഷം രൂപയുടെ പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്. ടി പ്രവൃത്തികളുടെ ആരംഭ നടപടികൾ പുരോഗമിച്ചു വരുന്നു.

ദ്യുതി പദ്ധതി

ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 6.9 കി. മീ. 11 കെ. വി ഏരിയൽ ബഞ്ചഡ് കേബിൾ വലിക്കുന്ന 153.99 ലക്ഷം രൂപയുടെ പ്രവൃത്തികളും, 0.15 കി. മീ. യു. ജി. കേബിൾ വലിക്കുന്ന 6.13 ലക്ഷം രൂപയുടെ പ്രവൃത്തികളും, 11 എണ്ണം 100kVA ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന 40.74 ലക്ഷം രൂപയുടെ പ്രവൃത്തികളും, 30.68 ലക്ഷം രൂപയുടെ RMU സ്ഥാപിക്കുന്ന പ്രവൃത്തികളും, 623.37 ലക്ഷം രൂപയുടെ 92.25കി. മീ. ലോടെൻഷൻ ലൈൻ റീ കണ്ടക്ടറിംഗ് പ്രവൃത്തികളും, 397.78 ലക്ഷം രൂപയുടെ 2.1 കി. മീ. ഹൈ ടെൻഷൻ റീ കണ്ടക്ടറിംഗ് പ്രവൃത്തികൾ ഉൾപ്പെടെ ആകെ 10.78 കോടി രൂപയുടെ പ്രവൃത്തികൾ 2026-2027 സാമ്പത്തിക വർഷത്തോടുകൂടി വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ 13 കി. മീ. ലോടെൻഷൻ ലൈൻ റീ കണ്ടക്ടറിംഗ് പ്രവൃത്തികളും,

3.0കി. മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിൾ വലിക്കുന്ന പ്രവൃത്തികളും, ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടെ ആകെ 92.44 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**അനെർട്ട്**

വൈപ്പിൻ മണ്ഡലത്തിൽ അനെർട്ട് നടപ്പിലാക്കുന്ന സോളാർ പവർ പ്ലാന്റ് പദ്ധതികളും, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും **അനുബന്ധം** ആയി ചേർക്കുന്നു.

സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു.ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. 7 വർഷമാണ് ലോൺ തിരിച്ചടവ് കാലാവധി പ്രതീക്ഷിക്കുന്നത്. നബാർഡിൽ നിന്നും അനുമതി ലഭിച്ച 5955 പമ്പുകളാണ് ആദ്യ ഘട്ടത്തിൽ സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. എറണാകുളം ജില്ലയിൽ 316 പമ്പുകളുടെ സൗരോർജ്ജവല്ക്കരണത്തിനായി NABARD അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിലും കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണ പദ്ധതി ലഭ്യമാണ്, കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടത്താൻ വേണ്ട നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**വൈപ്പിൻ മണ്ഡലത്തിൽ  അനെർട്ട് നടപ്പിലാക്കുന്ന സോളാർ പവർ പ്ലാന്റ് പദ്ധതികളും, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും**

| *Sl. No.* | *Institution* | *Location* | *Project* | *Capacity* | *Constituency* | *Status* |
|---|---|---|---|---|---|---|
| *1* | *GUPS Edavanakad* | *Edavankad* | *On Grid* | *3 kWp* | *Vypin* | *Commissioned* |
| *2* | *Nayarambalam GP* | *Nayarambalam* | *Hybrid* | *5 kWp* | *Vypin* | *Commissioned* |
| *3* | *Njarakkal PS* | *Njarakkal* | *On Grid* | *2kWp* | *Vypin* | *Commissioned* |
| *4* | *Mulavukadu Police Station* | *Mulavukad* | *On Grid* | *2kWp* | *Vypin* | *Commissioned* |
| *5* | *PM KUSUM* | *Nayarambalam* | *On Grid* | *3kWp* | *Vypin* | *Commissioned* |
| *6* | *Life Mission* | *ELAKUNNAPUZHA* | *On Grid* | *2kWp* | *Vypin* | *Commissioned* |
| *7* | *Life Mission* | *PALLIPPURAM* | *On Grid* | *2kWp* | *Vypin* | *Commissioned* |
| *8* | *Life Mission* | *MULAVUKAD GP* | *On Grid* | *2kWp* | *Vypin* | *Commissioned* |
| *9* | *Life Mission* | *KADAMAKUDY* | *On Grid* | *2kWp* | *Vypin* | *Commissioned* |